സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



## ലോകം മുഴുവൻ ഉറ്റുനോക്കുന്നു,ഒരു സ്വപ്നമാണോ എന്ന് തോന്നുംപോലെ വളർന്നു കഴിഞ്ഞു : മോഹൻലാൽ

കൊച്ചി: കേരളം മാത്രമല്ല, ഇന്ത്യ മാത്രമല്ല, ലോകം മുഴുവൻ എമ്പുരാൻ സിനിമയെ ഉറ്റു നോക്കിക്കൊണ്ടിരിക്കുകയാണെന്ന് നടൻ മോഹൻലാൽ. ഇതൊരു അത്ഭുതമായി മാറിയിരിക്കുകയാണ്. ഒരു സ്വപ്നമാണോ എന്ന് തോന്നുംപോലെ എമ്പുരാൻ വളർന്നു കഴിഞ്ഞു. ഏറ്റവും വലിയ ഹിറ്റാകണേയെന്ന് പ്രാർഥിച്ചുകൊണ്ടാണ് ഓരോ സിനിമയും തുടങ്ങാറുള്ളത്. ആന്റണി എന്റെ കൂടെ സഞ്ചരിക്കാൻ തുടങ്ങിയിട്ട് 37 വർഷങ്ങളായി. അന്ന് മുതൽ സിനിമയല്ലാതെ വേറെ ഒരു ചിന്തയുമില്ല. അദ്ദേഹം വലിയ സ്വപ്നങ്ങളാണ് കാണുന്നത്. ആ സ്വപ്നത്തിലേക്ക് സഞ്ചരിക്കാൻ പറ്റുമോ എന്ന ചിന്തയൊന്നും ആന്റണിക്കില്ല. ആ സ്വപ്നം സാധ്യമാക്കാൻ ഒരാളെ കിട്ടി. അതാണ് പൃഥ്വിരാജെന്നും മോഹൻലാൽ പറഞ്ഞു.

# മലപ്പുറത്ത് ലഹരിസംഘത്തിലെ 10പേർക്ക് എച്ച്ഐവി ബാധ

മലപ്പുറം: ലഹരിസംഘത്തിലുള്ള 10പേർക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചു. മലപ്പുറം വളാഞ്ചേരിയിലെ ലഹരിസംഘത്തിലുള്ളവരുടെ രോഗബാധയാണ് മലപ്പുറം ഡിഎംഒ സ്ഥിരീകരിച്ചത്. സംഘത്തിലെ മൂന്നുപേർ അന്യസംസ്ഥാന തൊഴിലാളികളാണ്. ഒരേ സിറിഞ്ച് ഉപയോഗിച്ചുള്ള ലഹരി ഉപയോഗമാണ് രോഗബാധയ്ക്ക് ഇടയാക്കിയതെന്നാണ് കരുതുന്നത്.

രണ്ടുമാസം മുമ്പ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നടത്തിയ സ്ക്രീനിംഗിലാണ് ഞെട്ടിപ്പിക്കുന്ന വിവരം പുറത്തുവന്നത്. ലൈംഗിക തൊഴിലാളികൾ, മയക്കുമരുന്ന് സ്ഥിരമായി ഉപയോഗിക്കുന്നവർ തുടങ്ങിയവർക്കിടയിലാണ് സ്ക്രീനിംഗ് നടത്തിയത്. ഇതിന്റെ റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തുവരുന്നത്. സ്ക്രീനിംഗിന്റെ തുടക്കത്തിൽ വളാഞ്ചേരിയിലെ ഒരാൾക്ക് എച്ച്ഐവി ബാധ സ്ഥിരീകരിച്ചിരുന്നു. തുടർന്ന് ഇയാളുമായി ബന്ധപ്പെട്ട സംഘങ്ങളെക്കുറിച്ച് അന്വേഷിക്കുകയും അവരെ പരിശോധിക്കുകയും ചെയ്തു. ഇതോടെയാണ് കൂടുതൽ പേർക്ക് വൈറസ് ബാധ സ്ഥിരീകരിച്ചത്.

10പേർക്ക് രോഗബാധ സ്ഥിരീകരിച്ചതോടെ ഇവരുടെ കുടുംബാംഗങ്ങൾ ഉൾപ്പടെയുള്ള കൂടുതൽപേരെ ആരോഗ്യവകുപ്പ് സ്ക്രീനിംഗ് നടത്തുകയാണ്. ഇതിൽ കൂടുതൽപേർക്ക് വൈറസ് ബാധ സ്ഥിരീകരിക്കുമോ എന്ന ആശങ്കയുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് ഇത്രയും പേർക്ക് ഒരുമിച്ച് എച്ച്ഐവി സ്ഥിരീകരിക്കുന്നതെന്നാണ് റിപ്പോർട്ട്.

സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിലൂടെയും, രക്തം ഉൾപ്പടെയുള്ള ശരീര സ്രവങ്ങളിലൂടെയും എച്ച്ഐവി പകരാം. സിറിഞ്ച്, ബ്ലേഡുകൾ, മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവ പങ്കിടുന്നതിലൂടെ എളുപ്പത്തിൽ അനുബാധ ഉണ്ടാകാം. എന്നാൽ ഉമിനീർ, വിയർപ്പ് എന്നിവയിലൂടെ എച്ച്ഐവി പകരില്ലെന്നാണ് ആരോഗ്യരംഗത്തെ വിദഗ്ദ്ധർ പറയുന്നത്.

## പ്ലസ് ടു വിദ്യാർത്ഥിനികളോട് ലൈംഗികാതിക്രമം

തിരുപ്പൂർ: പ്ലസ് ടു അവസാനപരീക്ഷ പരീക്ഷയെഴുതിയ പെൺകുട്ടികളോട് മോശമായി പെരുമാറിയതായി ആരോപിച്ച് പരീക്ഷാഹാളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന അദ്ധ്യാപകനെ പൊലീസ് അറസ്റ്റ് ചെയ്തു. തിരുപ്പൂർ അമ്മപാളയത്തെ രാമകൃഷ്ണ വിദ്യാലയത്തിലെ അദ്ധ്യാപകനായ സമ്പത്ത് കുമാറിനെയാണ് (34) തിരുപ്പൂർ കൊങ്കുനഗർ വനിതാ പൊലീസ് അറസ്റ്റ് ചെയ്തത്.

തിരുപ്പൂർ വെങ്കമേട്ടിലെ സർക്കാർ ഹയർസെക്കൻഡറി സ്കൂളിലെ പരീക്ഷാകേന്ദ്രത്തിലാണ് സംഭവം നടന്നത്. അവസാനപരീക്ഷ നടക്കുന്ന സമയത്ത് പരിശോധന നടത്താനെന്ന വ്യാജേന സമ്പത്ത് കുമാർ ഇടയ്ക്കിടെ ശരീരത്തിൽ സ്പർശിച്ചെന്നാണ് പെൺകുട്ടികളുടെ പരാതി. ക്ലാസ് മുറിയിൽ ആറ് പെൺകുട്ടികളും അഞ്ച് ആൺകുട്ടികളുമാണ് ഉണ്ടായിരുന്നത്.

## സഹതാപം മാത്രം, ലീഗ് കോട്ടയിൽനിന്ന് വരുന്നതുകൊണ്ട് അൽപം ഉശിര് കൂടും; ഷംസീറിന് ജലീലിന്റെ മറുപടി



തിരു: നിയമസഭയിൽ സ്പീക്കർ എ.എൻ. ഷംസീർ തനിക്കെതിരെ നടത്തിയ രൂക്ഷ വിമർശനങ്ങൾക്ക് പരോക്ഷ മറുപടിയുമായി ഇടത് എംഎൽഎ കെ.ടി. ജലീൽ. തന്റെ പ്രസംഗം നീണ്ടത് ക്രിമിനൽ കുറ്റമായി ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ സഹതപിക്കുകയെ നിർവാഹമുള്ളൂവെന്ന് വ്യക്തമാക്കിയ ജലീൽ, ലീഗ് കോട്ടയിൽ നിന്ന് നാലാം തവണയും വന്നതുകൊണ്ട് തനിക്ക് അൽപം ഉശിര് കൂടുമെന്നും പറഞ്ഞു.

സ്വകാര്യ സർവകലാശാലയുമായി ബന്ധപ്പെട്ട ചർച്ചയിൽ നിയമസഭാ പ്രസംഗം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടും ജലീൽ അതിന് തയ്യാറാകാതിരുന്നത് സ്പീക്കർ എ.എൻ. ഷംസീറിനെ ചൊടിപ്പിച്ചിരുന്നു. ചെയറിനെ ജലീൽ മാനിക്കുന്നില്ലെന്നും സമയം കഴിഞ്ഞിട്ടും പ്രസംഗം നിർത്താത്തത് ധിക്കാരമെന്നും സ്പീക്കർ പറയുകയുണ്ടായി. ഒരുപാട് തവണ ആവശ്യപ്പെട്ടിട്ടും സഹകരിച്ചില്ലെന്നും ജലീലിന് പ്രത്യേക പ്രിവിലേജ് ഇല്ലെന്നും ഷംസീർ പറഞ്ഞിരുന്നു.

ഇതിന് തൊട്ടുമുമ്പായി ലീഗ് എംഎൽഎ ടി.വി.ഇബ്രാഹിമുമായും ജലീൽ കൊമ്പുകോർത്തിരുന്നു. 'ഞാനൊരു കോളജ് അധ്യാപകനാണ്, നീ ഒരു സ്കൂൾ അധ്യാപകനാണ്' എന്നായിരുന്നു ജലീന്റെ പരാമർശം. ഇതിന് ടി.വി.ഇബ്രാഹിം മറുപടിയും നൽകിയിരുന്നു. ഇതിന് പിന്നാലെയാണ് ജലീൽ ഫെയ്സ്ബുക്കിൽ പ്രതികരണവുമായി എത്തിയിരിക്കുന്നത്.

'സ്വകാര്യ സർവകലാശാലാ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് കൊണ്ട് കഴിഞ്ഞ ദിവസം നിയമസഭയിൽ ചെയ്ത പ്രസംഗമാണ് താഴെ. ബില്ലുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പറഞ്ഞു വന്നപ്പോൾ സമയം അൽപം നീണ്ടു പോയി. അതൊരു ക്രിമിനൽ കുറ്റമായി ആർക്കെങ്കിലും തോന്നിയെങ്കിൽ സഹതപിക്കുകയേ നിർവാഹമുള്ളൂ. ലീഗ് കോട്ടയായ മലപ്പുറത്തു നിന്നാണല്ലോ തുടർച്ചയായി നാലാം തവണയും നിയമസഭയിലെത്തിയത്. സ്വാഭാവികമായും അൽപം "ഉശിര്" കൂടും. അത് പക്ഷെ, 'മക്കയിൽ' ഈന്തപ്പഴം വിൽക്കുന്നവർക്ക് അത്ര എളുപ്പം പിടികിട്ടിക്കൊള്ളണമെന്നില്ല' ജലീൽ ഫെയ്സ്ബുക്കിൽ കുറിച്ചു.

## ഊബറിനെയും ഒലയെയും നേരിടാൻ പുതിയ നീക്കവുമായി കേന്ദ്രം




ന്യൂഡൽഹി: 'സഹ്കർ ടാക്സി' അവതരിപ്പിക്കാനൊരുങ്ങുകയാണ് കേന്ദ്ര സർക്കാരെന്ന് പാർലമെന്റിൽ പ്രഖ്യാപനം നടത്തി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ടാക്സി ഡ്രൈവർമാർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന സഹകരണാധിഷ്ഠിത റൈഡ് ഹൈലിംഗ് പദ്ധതിയാണിതെന്നാണ് കേന്ദ്രം വ്യക്തമാക്കുന്നത്.

ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ ഇരുചക്ര വാഹനങ്ങൾ, ടാക്സികൾ, റിക്ഷകൾ, ഫോർ വീലറുകൾ എന്നിവ രജിസ്റ്റർ ചെയ്യാൻ പദ്ധതി സഹായിക്കും. 'സഹ്കർ സെ സമൃദ്ധി' എന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണത്തിന്റെ ഭാഗമാണ് പദ്ധതിയെന്ന് ഷാ കൂട്ടിച്ചേർത്തു.

'ഇത് വെറുമൊരു മുദ്രാവാക്യമല്ല. സഹകരണ വകുപ്പിന്റെ മൂന്നര വർഷത്തെ കഠിനാധ്വാനത്തിന്റെ ഫലമായാണ് പദ്ധതി നടപ്പിലായത്. കുറച്ച് മാസങ്ങൾക്കുള്ളിൽ തന്നെ സഹകരണ ടാക്സി സേവനം ആരംഭിക്കും. ടാക്സി ഡ്രൈവർമാർക്ക് നേരിട്ട് പ്രതിഫലം ലഭിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്'- അമിത് ഷാ വ്യക്തമാക്കി. ഒല, ഊബർ എന്നീ റൈഡിംഗ് പ്ലാറ്റ്ഫോമുകളുടെ നിരക്ക് വിവേചനത്തിൽ വ്യാപക പ്രതിഷേധം ഉയരുന്നതിനിടെയാണ് സർക്കാരിന്റെ നീക്കം. ഉപഭോക്താവ് ഐഫോണിലാണോ ആൻഡ്രോയ്ഡ് ഫോണിലാണോ റൈഡ് ബുക്ക് ചെയ്യുന്നത് എന്നതിനനുസരിച്ച് നിരക്കിൽ വേർതിരിവ് ഏർപ്പെടുന്നതായി വ്യാപക പരാതികൾ ഉയർന്നതിന് പിന്നാലെ സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി ഒലയ്ക്കും ഊബറിനും നോട്ടീസ് അയച്ചിരുന്നു. എന്നാൽ ആരോപണങ്ങൾ ഒലയും ഊബറും തള്ളി.

## കാർ വിപണിയിൽ ട്രംപിന്റെ കനത്ത പ്രഹരം

വാഷിംഗ്ടൺ: വാഹന ഇറക്കുമതിക്ക് 25 ശതമാനം തീരുവ പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. യുഎസ് വിമോചന ദിനമായി ആചരിക്കുന്ന ഏപ്രിൽ രണ്ട് മുതലാണ് തീരുവ പ്രാബല്യത്തിൽ വരുന്നത്. വിദേശത്ത് നിർമിച്ച കാറുകൾക്കാണ് 25 ശതമാനം തീരുവ ഏർപ്പെടുത്തുന്നത്. യുഎസിൽ നിർമിച്ചവയ്ക്ക് ഇത് ബാധകമാകില്ലെന്നും ട്രംപ് വ്യക്തമാക്കി. വിദേശ നിർമിത കാറുകളെയും ലൈറ്റ് ട്രക്കുകളെയുമായിരിക്കും ട്രംപിന്റെ പുതിയ പ്രഖ്യാപനം കൂടുതലായി സ്വാധീനിക്കുക.

ഈ വർഷം ജനുവരിയിൽ വൈറ്റ് ഹൗസിൽ തിരിച്ചെത്തിയതിനുശേഷം, ഇതിനകം തന്നെ ട്രംപ് കാനഡ, മെക്സിക്കോ, ചൈന തുടങ്ങിയ പ്രധാന വ്യാപാര പങ്കാളികളിൽ നിന്നുള്ള ഇറക്കുമതിക്ക് തീരുവ ചുമത്തിക്കഴിഞ്ഞു. ഇതിനുപുറമെ സ്റ്റീൽ, അലുമിനിയം ഇറക്കുമതിക്ക് 25 ശതമാനം തീരുവയും ചുമത്തിയിട്ടുണ്ട്. എന്നാൽ കാർ നിർമാതാക്കൾക്ക് നികുതിയിൽ നിന്ന് ഇടവേള നൽകിയിരുന്നു. ഇറക്കുമതി ചെയ്ത പാസഞ്ചർ വാഹനങ്ങളായ സെഡാൻ, എസ്യുവി, ക്രോസ്ഓവേഴ്സ്, മിനി വാനുകൾ, കാർഗോ വാനുകൾ, ലൈറ്റ് ട്രൈക്ക് എന്നിവയ്ക്കും ഓട്ടോമൊബൈൽ ഭാഗങ്ങളായ എഞ്ചിൻ, ട്രാൻസ്മിഷനുകൾ, പവർട്രെയിൻ ഭാഗങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കാണ് 25 ശതമാനം തീരുവ ചുമത്തുക.

## യു.പിയിലെ ചിൽഡ്രൻസ് ഹോമിൽ ഭക്ഷ്യവിഷബാധയേറ്റ് 4 കുട്ടികൾ മരിച്ചു

ലക്നോ: യു.പിയിലെ ലക്നോവിലെ ചിൽഡ്രൻസ് ഹോമിൽ ഭക്ഷ്യവിഷബാധയേറ്റ് നാലു കുട്ടികൾ മരിച്ചതായും 20തോളം പേർ ഗുരുതരാവസ്ഥയിലാണെന്നും റിപ്പോർട്ട്. സംഭവത്തിൽ ഡി.എം. അന്വേഷണത്തിന് ഉത്തരവിട്ടു. കമീഷണർ റോഷൻ ജേക്കബും പ്രിൻസിപ്പൽ സെക്രട്ടറി ലീന ജോഹ്രിയും കുട്ടികൾ ചികിൽസയിൽ കഴിയുന്ന ലോക്ബന്ധു ആശുപത്രിയിൽ എത്തി അവരോട് സംസാരിച്ചു. അഭയകേന്ദ്രത്തിലെ വെള്ളത്തിൽ നിന്നാണ് വിഷബാധയെന്ന സൂചനയെ തുടർന്ന് വെള്ളം പരിശോധിക്കാൻ ഉത്തരവിട്ടു.

ലക്നോവിലെ നിർവാണ ഷെൽട്ടർ സെന്ററിൽ ഒരാഴ്ച മുമ്പാണ് വിഷബാധ റിപ്പോർട്ട് ചെയ്തത്. തുടർന്ന് രോഗബാധിതരായ കുട്ടികളുടെ നില അതീവഗുരുതരമായി. വയറുവേദനയും ഛർദ്ദിയും ഉണ്ടെന്ന് പരാതിപ്പെട്ടിട്ടും അധികൃതർ ഡോക്ടറെ സമീപിച്ചില്ലെന്നും ആക്ഷേപമുണ്ട്.

കുട്ടികളിൽ നിർജലീകരണം അനുഭവപ്പെടുന്നതായി ലോക്ബന്ധു ആശുപത്രി സി.എം.എസ് ഡോ.രാജീവ് ദീക്ഷിത് പറഞ്ഞതായി ദൈനിക് ഭാസ്കർ റിപ്പോർട്ട് ചെയ്തു. എല്ലാവരിലും വയറിളക്കത്തിന്റെ ലക്ഷണങ്ങൾ കണ്ടെത്തി.

പാരാ പ്രദേശത്തെ ബുദ്ധേശ്വരിലാണ് കുട്ടികളെ താമസിപ്പിക്കുന്ന നിർവാണ ഷെൽട്ടർ സെന്റർ സ്ഥിതി ചെയ്യുന്നത്. സർക്കാറിന്റെ സഹായത്തോടെ പി.പി.പി മാതൃകയിലാണ് ഇത് പ്രവർത്തിക്കുന്നത്. മാനസികമായി ദുർബലരും ഭിന്നശേഷിക്കാരുമായ അനാഥ കുട്ടികളെ ഇവിടെ പാർപ്പിക്കുന്നു. നിലവിൽ ആൺകുട്ടികളും പെൺകുട്ടികളുമായി 146 പേരാണ് ഇവിടെയുള്ളത്. മിക്കവരും 10നും 18നും ഇടയിൽ പ്രായമുള്ളവരാണ്.

ഈ മാസം 23ന് രാത്രി അത്താഴം കഴിച്ച ശേഷം കുട്ടികളുടെ ആരോഗ്യനില വഷളാകാൻ തുടങ്ങി. തുടർന്ന് കുട്ടികളെ ലോക്ബന്ധു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ രണ്ട് പെൺകുട്ടികൾ ചികിത്സയിലിരിക്കെ മരിച്ചു. ഇതു കൂടാതെ ഗോപാൽ, ലക്കി എന്നീ കുട്ടികളെ നില ഗുരുതരമായതിനെ തുടർന്ന് കെ.ജി.എം.യുവിലേക്ക് മാറ്റിയെങ്കിലും അവിടെ വെച്ച് ഇരുവരും മരിക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ട്.

## സ്വകാര്യ ബസുടമകൾ സമരത്തിലേക്ക്; വിദ്യാർഥികളുടെ മിനിമം ചാർജ് 5 ആക്കണം

പാലക്കാട്: വിദ്യാർഥികളുടെ യാത്രാ നിരക്ക് ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സ്വകാര്യ ബസുടമകൾ സമരത്തിലേക്ക്. വിദ്യാർഥികളുടെ മിനിമം ചാർജ് അഞ്ച് രൂപയാക്കി ഉയർത്തണമെന്നാണ് ബസ് ഉടമകളുടെ ആവശ്യം. പുതിയ അധ്യായന വർഷത്തിൽ നിരക്ക് വർധന ഉണ്ടായില്ലെങ്കിൽ സമരം ആരംഭിക്കുമെന്ന് ആൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ വ്യക്തമാക്കി.

ബസ് നിരക്ക് സംബന്ധിച്ച റിപ്പോർട്ടിൽ സംസ്ഥാന സർക്കാർ അടയിരിക്കുകയാണ്. ഒരു നടപടിയും സ്വീകരിക്കുന്നില്ല. സ്വകാര്യ ബസുകളിൽ കൂടുതലും യാത്ര ചെയ്യുന്നത് വിദ്യാർഥികളാണ്. 90 വിദ്യാർഥികൾ കയറിയാലേ ഒരു ലിറ്റർ ഡീസൽ അടിക്കാൻ സാധിക്കൂവെന്നും ഉടമകൾ ചൂണ്ടിക്കാട്ടുന്നു.

13 വർഷമായി സ്വകാര്യ ബസിൽ യാത്ര ചെയ്യുന്ന വിദ്യാർഥികളുടെ മിനിമം നിരക്ക് ഒരു രൂപയാണ്. ഈ നിരക്കുമായി മുന്നോട്ടു പോകാൻ സാധിക്കില്ലെന്നും മിനിമം നിരക്ക് അഞ്ച് രൂപയായി ഉയർത്തണമെന്നുമാണ് ബസ് ഉടമകളുടെ നിലപാട്.

വിദ്യാർഥികളുടെ മിനിമം നിരക്ക് ഉയർത്തണമെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാറിന് കത്ത് നൽകിയിട്ടുണ്ട്. മെയ് ആദ്യവാരം മുതൽ സമരവുമായി മുന്നോട്ടു പോകും. സ്വകാര്യ ബസ് വ്യവസായത്തെ സർക്കാർ സംരക്ഷിക്കേണ്ടതുണ്ട്. അനുകൂല നിലപാട് സർക്കാർ സ്വീകരിക്കുമെന്നാണ് വിശ്വാസമെന്നും ബസ് ഉടമകൾ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

## ഗൃഹനാഥനെ അയൽവാസികൾ തലക്കടിച്ചുകൊന്നു

പാലക്കാട്: മുണ്ടൂരിൽ മദ്യലഹരിയിൽ ഗൃഹനാഥനെ അയൽവാസികൾ ഇഷ്ടിക കൊണ്ട് എറിഞ്ഞ് കൊലപ്പെടുത്തി. കുമ്മൻകോട് നൊച്ചിപ്പുള്ളി സ്വദേശി മണികണ്ഠനാണ് കൊല്ലപ്പെട്ടത്. അയൽവാസികളായ വിനോദ്, സഹോദരൻ വിനേഷ് അമ്മ കമലാക്ഷി എന്നിവരെ കോങ്ങാട് പൊലീസ് കസ്റ്റഡിയിലെടുത്തു.

ലഹരിക്കടിമയായ വിനോദും മണികണ്ഠനും തമ്മിൽ മദ്യപാനത്തിനിടെ തർക്കമുണ്ടായി. അതിക്രമത്തിനിടെ വിനോദും സഹോദരൻ വിനേഷും ചേർന്ന് ഇഷ്ടികയും, ഓടും ഉപയോഗിച്ച് മണികണ്ഠനെ ആക്രമിച്ചു. മണികണ്ഠന്റെ തലയുടെ പിൻഭാഗത്ത് ആഴത്തിൽ മുറിവേറ്റിട്ടുണ്ട്.

മദ്യപാനത്തിനിടെ അയൽവീട്ടുകാർ തമ്മിൽ തർക്കം പതിവാണെന്നും ഇന്നലെയും സമാന ആക്രമണമെന്ന് കരുതിയതായും നാട്ടുകാർ. ഇന്നലെ രാത്രിയിലുണ്ടായ കൊലപാതകം രാവിലെയാണ് പുറത്തറിഞ്ഞത്. കസ്റ്റഡിയിലുള്ളവരെ വിശദമായി ചോദ്യം ചെയ്യുകയാണെന്നും കൊലപാതകത്തിന് മറ്റെന്തെങ്കിലും കാരണമുണ്ടോ എന്നത് പരിശോധിക്കുമെന്നും ഡിവൈഎസ്പി അറിയിച്ചു.

## മദ്യപാനം ചോദ്യം ചെയ്തു; ഡിവൈഎഫ്ഐ നേതാവിന്റെ കഴുത്തിൽ ലഹരി സംഘം കുത്തിപ്പരിക്കേൽപ്പിച്ചു



തിരു: ഡിവൈഎഫ്ഐ നേതാവിനെ ലഹരി സംഘം കുത്തിപ്പരിക്കേൽപ്പിച്ചു. തിരുവനന്തപുരം കുമാരപുരം മേഖല യൂണിറ്റ് സെക്രട്ടറി പ്രവീൺ ജിജെയ്ക്കാണ് കുത്തേറ്റത്. ഇന്നലെ രാത്രി ഒമ്പത് മണിയോടെയാണ് സംഭവം. സ്ക്രൂ ഡ്രൈവർ കൊണ്ടാണ് പ്രതികൾ ഇയാളെ കുത്തിയത്. മദ്യപാനം ചോദ്യം ചെയ്തതാണ് പ്രകോപനത്തിന് കാരണമെന്നാണ് വിവരം.

ബൈജു, ചന്തു എന്നീ രണ്ട് പ്രതികളാണ് പ്രവീണിനെ ആക്രമിച്ചത്. കൊലപാതക ശ്രമം ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയാണ് ചന്തു. ബൈജുവിനെ മെഡിക്കൽ കോളേജ് പൊലീസ് കസ്റ്റഡിയിലെടുത്തു.

കഴുത്തിൽ കുത്തേറ്റ പ്രവീണിനെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. പ്രതികൾ കഞ്ചാവ് കച്ചവടക്കാരാണെന്നാണ് ഡിവൈഎഫ്ഐയുടെ ആരോപണം.

## ഐശ്വര്യ റായിയുടെ ആഡംബര കാർ അപകടത്തിൽപ്പെട്ടു



മുംബയ്: നടി ഐശ്വര്യ റായിയുടെ ആഡംബര കാർ ബസുമായി കൂട്ടിയിടിച്ച് അപകടം സംഭവിച്ചെന്ന റിപ്പോർട്ടുകൾ കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു. ഇതോടെ നടിയുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് ആരാധകർ ആശങ്കകൾ പ്രകടിപ്പിച്ചിരുന്നു. ഇപ്പോഴിതാ അപകടം സംഭവിച്ച സമയത്ത് ഐശ്വര്യ റായ് കാറിലുണ്ടായിരുന്നില്ലെന്ന വിവരമാണ് പുറത്തുവന്നിരിക്കുന്നത്. ഇതോടെ താരം സുരക്ഷിതയാണെന്ന് ഉറപ്പിച്ചിരിക്കുകയാണ് ആരാധകർ.

അപകടത്തിന്റെ ദൃശ്യങ്ങൾ ഇന്നലെ തന്നെ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചിരുന്നു. ഒരു ദേശീയ മാദ്ധ്യമം റിപ്പോർട്ട് ചെയ്തതനുസരിച്ച് ജുഹു താര റോഡിലെ അമിതാഭ് ബച്ചന്റെ ബംഗ്ലാവ് സ്ഥിതി ചെയ്യുന്നതിന് സമീപത്തായാണ് അപകടം സംഭവിച്ചത്. അപകടം സംഘർഷത്തിലേക്ക് എത്തിയെന്നും വിവരമുണ്ട്. അപകടം ഉണ്ടായതിനെ തുടർന്നുണ്ടായ സംഘർഷത്തിൽ ബസ് ഡ്രൈവറിനു നേരെയും ആക്രമം ഉണ്ടായി. ഇതിൽ ബംഗ്ലാവിലെ ജീവനക്കാർ ഡ്രൈവറിനോട് ക്ഷമാപണം നടത്തിയിട്ടുണ്ട്. അപകടത്തിൽ പൊലീസ് കേസെടുത്തിട്ടില്ല.

## കാട്ടാന വാഴകൃഷി നശിപ്പിച്ചു

പുതുക്കാട്: വെള്ളിക്കുളങ്ങ അമ്പനോളിയിൽ കാട്ടാന ഇറങ്ങി വാഴകൃഷി നശിപ്പിച്ചു. അമ്പനോളി ക്രഷർ പരിസരത്തുള്ള പോട്ടക്കാരൻ ഗോവിന്ദന്റെ വീട്ടുമുറ്റത്തുള്ള വാഴകൃഷിയാണ് ഇന്നലെ രാത്രി കാട്ടാനയിറങ്ങി നശിപ്പിച്ചു.

## എംഡിഎംഎയ്ക്ക് പണം നൽകിയില്ല; മാതാപിതാക്കളെ മർദിച്ച് മകൻ; പിടികൂടി കെട്ടിയിട്ട് നാട്ടുകാർ

മലപ്പുറം: താനൂരിൽ എംഡിഎംഎയ്ക്ക് പണം നൽകാത്തതിനാൽ മാതാപിതാക്കളെ മർദിച്ച് മകൻ. യുവാവിനെ പൊലീസ് ലഹരി വിമോചന കേന്ദ്രത്തിലേക്ക് മാറ്റി. നാട്ടുകാർ കൈകാലുകൾ കെട്ടിയാണ് യുവാവിൻറെ പരാക്രമം അവസാനിപ്പിച്ചത്.

അടുത്തിടിയാണ് യുവാവ് ലഹരിക്കടിമയായതെന്ന് കുടുംബം പറയുന്നത്. നേരത്തെ ജോലിയ്ക്ക് പോവുകയും വീട് നോക്കുകയും ചെയ്തിരുന്നത് മകനാണെന്നും കുടുംബം പറയുന്നു. അതിനിടെയാണ് തമാശയായി ലഹരി മരുന്ന് ഉപയോഗിച്ചു തുടങ്ങുന്നതും അതിന് അടിമയാവുന്നതും. ഇതോടുകൂടി ഇയാൾ ജോലിക്ക് പോവാതായി. തുടർന്ന് ലഹരിമരുന്ന് വാങ്ങാനായി വീട്ടിൽ നിന്നും പണംചോദിക്കാൻ തുടങ്ങി.

ഒട്ടേറെ തവണ മാതാപിതാക്കളെ മർദിക്കുകയും ചെയ്തു. ഇന്നലെ രാത്രി ബഹളം വയ്ക്കുകയും ആക്രമണം നടത്തുകയും ചെയ്തതോടെയാണ് നാട്ടുകാർ യുവാവിനെ പിടികൂടിയത്. താനൂർ പൊലീസാണ് ലഹരി വിമോചനകേന്ദ്രത്തിലേക്ക് മാറ്റിയത്.

### കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Award No: 986/2024

കാശ്മീര കുറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ചന്ദ്രൻ

-ഹരജിക്കാരൻ

വി ജി രമേഷ്, S/o. മാധവി വടുതല വീട്, അഞ്ഞൂർ പി ഒ., ആരംപിള്ളി, സെന്റ് ജോസഫ് കോളനി, തൃശൂർ

- 1-ാം എതൃകക്ഷി

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്തു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **29-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരി ക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 04-3-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി എൻ കനകദുർഗ്ഗ** (ഒപ്പ്)

### കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 717/2024

സീനത്ത്

-വാദി

കൊടുങ്ങല്ലൂർ താലൂക്ക് കൈപ്പമംഗലം വില്ലേജ്, ദേശത്ത്, മതിലകത്ത് വീട്ടിൽ ഹസ്സൻ മകൻ അബ്ദുൾസലാം

-2-ാം പ്രതി

മേൽ നമ്പറിലെ 2-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ച് ആയത് പത്രപരസ്യം മുഖേന നടത്തുവാൻ കല്പിച്ച് കേസ് **26-05-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരാവുകയോ ആക്ഷേപം ബോധിപ്പിക്കുകയോ ചെയ്യാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 27-03-2025
വാദിഭാഗം അഡ്വക്കെറ്റ്
**കെ എ ഷാഹുൽഹമീദ്** (ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ സബ്ബ് കോടതി മുമ്പാകെ

SOP: 18/2024

വി എ വിജയൻ etc

-അന്യായം

സുധീർ വി ആർ., 52 വയസ്, S/o. വി എ രാജൻ, ഡ്രീം ഹൗസ്, മിണാലൂർ പി ഒ., എം ജി കാവ് വഴി, അത്താണി, തലപ്പിള്ളി, തൃശൂർ, പിൻ-680581

-5-ാം പ്രതി

മേൽ നമ്പറിൽ 5-ാം പ്രതിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കല്പിച്ച് കേസിന്റെ വിചാരണ **03-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 27-03-2025
അന്യായഭാഗം അഡ്വക്കെറ്റ്
**സി ടി ഷാജി** (ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Award No: 985/2024

കാശ്മീര കുറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ചന്ദ്രൻ

-ഹരജിക്കാരൻ

1) ബിജി W/o. സുജിത്ത്, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4 നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ
2) സുജിത്ത് S/o. ചന്ദ്രൻ, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ
3) ബിബിൻ പോൾ S/o. പോൾ, തലക്കോട്ടുകര വീട്, പേരാമംഗലം, തൃശൂർ

- എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്തു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **29-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 04-3-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി എൻ കനകദുർഗ്ഗ** (ഒപ്പ്)

### കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Award No: 984/2024

കാശ്മീര കുറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടി മാനേജിംഗ് ഡയറക്ടർ ചന്ദ്രൻ

-ഹരജിക്കാരൻ

1) സുജിത്ത് S/o. ചന്ദ്രൻ, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ
2) ബിജി W/o. സുജിത്ത്, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ
3) ചന്ദ്രൻ S/o. വേലായുധൻ, നന്ദനം അപ്പാർട്ട്മെന്റ്, റൂം നമ്പർ 4, നേതാജി റോഡ്, കൈപ്പറമ്പ്, തൃശൂർ
4) ബിബിൻ പോൾ S/o. പോൾ, തലക്കോട്ടുകര വീട്, പേരാമംഗലം, തൃശൂർ

- എതൃകക്ഷികൾ

മേൽ നമ്പറിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്തു നടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **29-03-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 04-3-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**സി എൻ കനകദുർഗ്ഗ** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# മാസ്കുകളും കൈ ഉറകളും വിതരണം ചെയ്തു



വാടാനപ്പിള്ളി: ലയൺസ് ക്ലബ് തൃപ്രയാർ ടെമ്പിൾ സിറ്റിയുടെ നേതൃത്വത്തിൽ തൃത്തല്ലൂർ സ്നേഹസ്പർശം പാലിയേറ്റീവ് കേന്ദ്രത്തിലേക്ക് മാസ്കുകളും, കൈ ഉറകളും വിതരണം ചെയ്തു.പ്രസിഡന്റ് ആർ. ഐ.എം.സക്കറിയ അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ഷാജി ചാലിശ്ശേരി, ട്രഷറർ ജോസ് താടിക്കാരൻ, എന്നിവർ സംസാരിച്ചു.

പാലിയേറ്റിവ് കെയർ ഭാരവാഹികളായ ഡോ.എൻ. എ. മാഹിൻ, കെ.പി. ആർ. സതീശൻ ശിവശങ്കരൻ നാട്ടിക എന്നിവർ ഇവ ഏറ്റുവാങ്ങി. പ്രോഗ്രാം കോർഡിനേറ്റർ സൂരജ് വേളയിൽ, സീമ സക്കറിയ, ഇ.പി. തോമസ് എന്നിവർ നേതൃത്വം നൽകി.

സി പി ഐ എം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്നസന്റ് അനുസ്മരണ സമ്മേളനം നടത്തി. അയ്യങ്കാളി സ്കയറിൽ പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. പ്രൊഫ.കെയു അരുണൻ അനുസ്മരണ പ്രഭാഷണം നടത്തി. ഡോ. കെ പി ജോർജ് സ്വാഗതവും ജയൻ അരിമ്പ്ര നന്ദിയും പറഞ്ഞു.

## വിശുദ്ധ റമളാനിലെ ഇരുപത്തിയേഴാം രാവ് ഇന്ന് ആത്മ നിർവൃതിയിൽ വിശ്വാസി സമൂഹം

തൃശൂർ : വിശുദ്ധ റമളാനിൽ ആയിരം മാസങ്ങളേക്കാൾ പുണ്യമായ രാത്രിയായ ലൈലത്തുൽ ഖദ്റിനെ പ്രതീക്ഷിക്കുന്ന ഇരുപത്തിയേഴാം രാവിനായി കാത്ത് വിശ്വാസി സമൂഹം. . നന്മക്ക് എഴുപതിനായിരം മടങ്ങ് പ്രതിഫലം ലഭിക്കുന്ന പുണ്യ രാവിൽ വിവിധങ്ങളായ ആരാധനകളാൽ ഇന്ന് വൈകിട്ടു മുതൽ നാളെ പുലർച്ച വരെ പള്ളികൾ സജീവമാകും. ആത്മസംസ്കരണത്തിന്റെ പൂക്കാലം എന്ന സന്ദേശവുമായി ഒരു മാസം നീണ്ടു നിൽക്കുന്ന റമളാൻ ക്യാമ്പയിന്റെ ഭാഗമായി മുല്ലക്കര മുസ്ലിം മഹല്ല് ജമാഅത്തിൽ ഇന്ന് രാത്രി തറാവ്വീഹ് നിസ്കാരാനന്തരം ഇഅ്ത്തിക്കാഫ് ജൽസ , ഖത്തം ദുആ , തസ്ബീഹ് നിസ്കാരം, കൂട്ട സിയാറത്ത്, ദിക്റ് ദുആ മജ്‌ലിസ്, തൗബ , സമൂഹ അത്താഴം എന്നിവ നടക്കുമെന്ന് മഹല്ല് ഭാരവാഹികൾ അറിയിച്ചു

# നവീകരണം പൂർത്തിയാക്കി പുനഃപ്രതിഷ്ഠയും ബ്രഹ്മകലശവും

ഇരിങ്ങാലക്കുട നടവരമ്പ് ശ്രീ ഹനുമാൻ ക്ഷേത്രത്തിന്റെ നവീകരണം പൂർത്തിയാക്കി പുനഃപ്രതിഷ്ഠയും ബ്രഹ്മകലശവും നടത്തുകയാണ്. പതിനെട്ടാം നൂറ്റാണ്ടിൽ, ഉടുപ്പി ശ്രീ സോദേ വാദിരാജ മഠാധിപതിയായിരുന്ന ശ്രീ വൃന്ദാവനാചാര്യർ പ്രതിഷ്ഠ നിർവ്വഹിച്ച ശ്രീ ഹനുമാന്റെ അതേ സുന്ദരബിംബം തന്നെയാണിപ്പോൾ ചൈതന്യധന്യമായി പുനഃപ്രതിഷ്ഠിക്കുന്നത്.

2025 മാർച്ച് 28മുതൽ 10 ദിവസങ്ങളിലായി ആഘോഷിയ്ക്കുന്ന ഈ മഹോത്സവം ശ്രീ രാമനവമി ദിനമായ ഏപ്രിൽ 6നാണ് സമാപിയ്ക്കുന്നത്. ഏപ്രിൽ 12ന് ശ്രീ ഹനുമജ്ജയന്തിയും അതോടനുബന്ധിച്ചുആഘോഷിക്കുന്നു. ഇപ്പോഴത്തെ മഠാധിപതിയായ ശ്രീ വിശ്വവല്ലഭതീർത്ഥസ്വാമികളാണ് ക്രിയകൾക്കെല്ലാം നേതൃത്വം നല്കി പുനഃപ്രതിഷ്ഠ നടത്തുന്നത്.

ലോകക്ഷേമത്തിനും ഭക്തജനാനുഗ്രഹത്തിനും വേണ്ടി നടത്തുന്ന ഈ സത്കർമ്മങ്ങളിൽ സർവ്വാത്മനാ സഹകരിക്കുന്നത് ഐശ്വര്യദായകമാണ്. വൈദിക-താന്ത്രിക ചടങ്ങുകൾക്കൊപ്പം പ്രശസ്ത കലാകാരന്മാരെ ഉൾപ്പെടുത്തി അതിവിപുലമായ കലാപരിപാടികൾ ഈ പത്തുദിവസങ്ങളിലായി സംഘടിപ്പിക്കുന്നുണ്ട്. ലയചക്രവർത്തി മന്നാർഗുഡി ഈശ്വരൻ പങ്കെടുക്കുന്ന ഡോക്ടർ ജയകൃഷ്ണൻ ഉണ്ണിയുടെ സംഗീതക്കച്ചേരി, തിരുവനന്തപുരം സൗന്ദർരാജൻ, രഘു സാവിത്രി, അലങ്കോട് ഗോകുൽ എന്നിവർ നയിക്കുന്ന നാദലയമഞ്ജരി, മാർഗ്ഗി മധു അവതരിപ്പിക്കുന്ന ചാക്യാർക്കൂത്ത്, കലാമണ്ഡലം പ്രഷീജ അവതരിപ്പിക്കുന്ന മോഹിനിയാട്ടക്കച്ചേരി, കലാനിലയം ഉദയൻ നമ്പൂതിരിയും സംഘവും അവതരിപ്പിക്കുന്ന തായമ്പക, വിദ്വാൻസർവ്വേശ് ഭട്ടും സംഘവും അവതരിപ്പിക്കുന്ന ഭരതനാട്യം, പ്രമുഖരെ ഉൾപ്പെടുത്തി അവതരിപ്പിക്കുന്ന ശ്രീരാമ പട്ടാഭിഷേകം കഥകളി, ഉദയനാപുരം ഹരിയും സംഘവും അവതരിപ്പിക്കുന്ന മേജർ സെറ്റ് പഞ്ചവാദ്യം, പെരുവനം പ്രകാശൻ മാരാരും സംഘവും അവതരിപ്പിക്കുന്ന പഞ്ചാരിമേളം എന്നീ പരിപാടികൾ ഈ മഹോത്സവത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

# കൈരളി: കാലാവസ്ഥ വ്യതിയാന ചർച്ച



തൃശൂർ: കൈരളി അഗ്രികൾച്ചർ എം എസ് സി എസ് ലിമിറ്റഡ് ചെയർമാൻ കെ വി അ ശോ ക ൻ, ഡ യ റ ക്ടർ ജെസ്‌ലിൻ ജെയിംസ് മാളിയേക്കൽ, ലോ കാർബൺ സൊല്യൂഷൻസ് സി ഇ ഒ ലതീഷ് വി കെ എന്നിവർ സൗത്ത് ഡബ്ലിൻ (അയർലണ്ട്) മേയർ ബേബി പരേപ്പാടൻ, ഡെപ്യൂട്ടി മേയർ അലൻ ഹെയ്സ്, ഉദ്യോഗസ്ഥരായ ജോയ് ലുമുംബാ, മരിയ ന്യൂജന്റ് എന്നിവരുമായി കേരളത്തിൽ എത്തി കാലാവസ്ഥ വ്യതിയാന ലഘൂകരണ സംരംഭങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനെ കുറിച്ച് ഉന്നത തല ചർച്ച നടത്തി.

പുനരുല്പാദന കൃഷിക്കായുള്ള കാർബൺ ക്രെഡിറ്റ് പ്രോജക്ട് ലിക്യുഡ് ട്രി പ്രൊജക്ട്, വാഹനങ്ങളുടെ പുക കുറയ്ക്കുന്നതിനുള്ള ഐസി എൻജിൻ ഡി കാർബണൈസിംഗ് സ്റ്റേഷനുകൾ, സുസ്ഥിരമാലിന്യ സംസ്കരണത്തിനായുള്ള ബി എസ് എഫ് മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പ്രധാന പദ്ധതികളിലാണ് യോഗം ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഈ സുസ്ഥിരത ക്രമങ്ങളിൽ അന്താരാഷ്ട്ര സഹകരണം എടുത്തു കാണിച്ചുകൊണ്ട് സ്വിറ്റ്സർലാൻഡിലെ ഡ്രീം ഈവൻസിൽ നിന്നുള്ള പ്രേമും പങ്കെടുത്തു.

പാരിസ്ഥിതിക ആഘാതം നിയന്ത്രിക്കുന്നതിനും ഇന്തോ ഐറിഷ് സഹകരണം ശക്തിപ്പെടുത്തുന്നതിനും ഹരിത ഭാവിക്കായി നൂതന പരിഹാരങ്ങൾ വർധിപ്പിക്കാൻ നേതാക്കൾ പങ്കാളിത്തവും നയങ്ങളും ചർച്ച ചെയ്തു.

## കലാഭവൻ മണിയുടെ സഹോദരി അമ്മിണി രാമൻകുട്ടി അന്തരിച്ചു



ഇരിങ്ങാലക്കുട : വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് നാലാം വാർഡ് വെള്ളക്കാട്ട് ആനക്കച്ചിറ വീട്ടിൽ പരേതനായ രാമൻകുട്ടി ഭാര്യ അമ്മിണി (77) അന്തരിച്ചു. (പരേതനായ പ്രശസ്ത സിനിമാതാരം കലാഭവൻ മണിയും. കേരള കലാമണ്ഡലം അസിസ്റ്റന്റ് പ്രൊഫസർ ആർ വി രാമകൃഷ്ണൻ സഹോദരങ്ങളാണ് )

മക്കൾ-ബേബി, ഗീത, ഹരി (സെക്രട്ടറി സിപി ഐ എം) വെള്ളക്കാട്ട് ബ്രാഞ്ച്. മുൻ സെക്രട്ടറി ഹാഷ്മി കലാവേദി & വായനശാല. ഗ്രന്ഥശാല പ്രവർത്തകൻ) മരുമക്കൾ-സുബ്രൻ. ബാബു. സ്മിത. സംസ്കാരം ഇന്ന് വൈകിട്ട് 4 മണിക്ക് ഇരിങ്ങാലക്കുട മുക്തി സ്ഥാനിൽ.

## വെള്ളാനി-പുളിയംപാടം കാർഷിക വികസന പദ്ധതിക്ക് മൂന്നുകോടി രൂപയുടെ ഭരണാനുമതി: മന്ത്രി ഡോ. ആർ ബിന്ദു

ഇരിങ്ങാലക്കുട: കാറളം ഗ്രാമ പഞ്ചായത്തിലെ ചെമ്മണ്ട പുളിയംപാടം പാടശേഖരത്തിൽ ഉൾപ്പെടുന്ന വെള്ളാനി - പുളിയംപാടം സമഗ്ര കാർഷിക വികസന പദ്ധതിക്ക് മൂന്നു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. തരിശുരഹിത ഇരിങ്ങാലക്കുട ലക്ഷ്യവുമായി ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പിലാക്കുന്ന 'പച്ചക്കുട' സമഗ്ര കാർഷിക-പാരിസ്ഥിതിക വികസന പദ്ധതിയുടെ ഭാഗമാണിത്.

120ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന വെള്ളാനി-പുളിയംപാടം പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനാണ് തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ 14 ലക്ഷം രൂപ മോട്ടോർ പമ്പ് സെറ്റുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുവാനും 25 ലക്ഷം രൂപ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും ബാക്കി തുക ഫാം റോഡുകൾ, സ്ലൂയിസുകൾ, ട്രാക്ടർ റാമ്പുകൾ, കിടകൾ തുടങ്ങിയവയ്ക്കായും വിനിയോഗിക്കുമെന്നും മന്ത്രി അറിയിച്ചു.

പദ്ധതിക്ക് സാങ്കേതികാനുമതിയും ലഭ്യമാക്കി എത്രയും വേഗം നിർമാണം ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

## ജോബ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചു

വാടാനപ്പള്ളി: ഗ്രാമപഞ്ചായത്തിൽ വിജ്ഞാന കേരളം ജോബ് ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് രന്യ ബിനീഷ് അധ്യക്ഷത വഹിച്ചു. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്താൻ സഹായകരമാകുന്ന കൗൺസിലിംഗ് സേവനം സെന്ററിൽ ഒരുക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ, യുവജനക്ഷേമ ബോർഡ്, കേരള നോളജ് ഇക്കോണമി മിഷൻ എന്നിവയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## സൗജന്യ ഭോജന കിറ്റുകൾ നൽകി



മറ്റം: വേനൽ ചൂടിൽ ബുദ്ധിമുട്ടുന്നപക്ഷി ജീവജാലകങ്ങൾക്കായി മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനായ പി.ജെ. സ്റ്റൈജു സൗജന്യമായി നൽകുന്ന ഭോജന കിറ്റുകളുടെ കണ്ടാണശ്ശേരി പഞ്ചായത്ത് തല വിതരണോദ്ഘാടനം നടന്നു. മറ്റം സെൻറ് മേരിസ് എൽ പി സ്കൂളിൽ നടന്ന ചടങ്ങിൽ പ്രധാന അധ്യാപിക സിസ്റ്റർ അഞ്ജലി അരിമ്പൂർ വിദ്യാർത്ഥികൾക്ക് ഭോജന കിറ്റുകൾ വിതരണം ചെയ്തുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു .

മേജർ പി.ജെ സ്റ്റൈജു വിദ്യാർത്ഥികൾ വീടുകളിൽ ചെയ്യേണ്ട പക്ഷിപരിപാലനത്തെ കുറിച്ചും സ്നാന പാത്ര സ്ഥാപനത്തെക്കുറിച്ചും കുട്ടികൾക്ക് വിശദീകരിച്ചു കൊടുത്തു. അധ്യാപികമാരായ ജസീന്ത, പ്രൈസി, ടെജി, സാനിയഎന്നിവർ ജല സംരക്ഷണത്തെ കുറിച്ചുള്ള കരുണയുടെ നല്ല പാഠങ്ങൾ കുട്ടികളോടായി സംവദിച്ചു. ജീവജാല ങ്ങളോട് കരുതൽ കാണിക്കുമെന്ന് വിദ്യാർത്ഥികൾ പ്രതിജ്ഞയെടുത്തു വരും ദിവസങ്ങളിൽ കണ്ടാണശേരി പഞ്ചായത്തിലെ പ്രെമറി വിദ്യാലയങ്ങളിൽ പക്ഷികൾക്കായുള്ള ഭോജന കിറ്റുകൾ വിതരണം ചെയ്യുമെന്ന് മേജർ പി.ജെ. സ്റ്റൈജു അറിയിച്ചു.

## ബിജെപി ലഹരി വിരുദ്ധ ജന ജാഗ്രതാ നൈറ്റ് മാർച്ച്

ഇരിങ്ങാലക്കുട: ബിജെപി സൗത്ത് ജില്ല ഇരിങ്ങാലക്കുട മേഖലയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ജനജാഗ്രതാ നൈറ്റ് മാർച്ച് സംഘടിപ്പിച്ചു. ഠാണാ പുതംകുളം മൈതാനിയിൽ നിന്നാരംഭിച്ച മാർച്ച് ബിജെപി സംസ്ഥാന വൈസ് പ്രസിഡണ്ട് എ എൻ രാധാകൃഷ്ണൻ ഉത്ഘാടനം ചെയ്തു. ബിജെപി സൗത്ത് ജില്ലാ പ്രസിഡണ്ട് എ ആർ ശ്രീകുമാർ, കൃപേഷ് ചെമ്മണ്ട എന്നിവർ സംസാരിച്ചു.

ബിജെപി മണ്ഡലം പ്രസിഡണ്ടുമാരായ ആർച്ച അനീഷ്, പി എസ് സുബീഷ്, ടി വി പ്രജിത്ത്, വി സി സിജു, നേതാക്കളായ കെ എ സുരേഷ്,ലോചനൻ അമ്പാട്ട്, സന്തോഷ് ചെറാക്കുളം,കവിതാ ബിജു, കെ പി ജോർജ്, സി പി സെബാസ്റ്റ്യൻ, ഷൈജു കുറ്റിക്കാട്ട്, വി സി രമേഷ് എന്നിവർ നേതൃത്വം നൽകി.

## ചേലക്കര സബ് രജിസ്ട്രാർ ഓഫീസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു

തൃശൂർ: ചേലക്കര സബ് രജിസ്ട്രാർ ഓഫീസിൽ പൗരാവകാശ രേഖപ്രകാരമുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ജനകീയ സമിതിയുടെ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു.

## വാർത്താ ചുരുക്കം

- കേരള കോൺ ഗ്രസ് ഡെമോക്രാറ്റിക് പാർട്ടി അംഗത്വ ശേഖരണം തുടങ്ങി.
- പെരിങ്ങണ്ടൂർ പോപ്പ് പ മേഴ് സി ഹോമിന് തൃശൂർ ഹൃദയ ഫൗണ്ടേഷൻ അവാർഡ് നൽകും. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും സമർപ്പിക്കും
- കൊടകര സഹൃദയ കോളേജിന് ഓട്ടോ . ണോ മസ് പദവി ലഭിച്ചതായി അധികൃതർ അറിയിച്ചു
- ചേർപ്പ് ഭഗവതി കൾച്ചറൽ ആൻഡ് ഫെസ്റ്റിവൽ കമ്മറ്റിയുടെ പുരസ്കാരത്തിന് ആറാട്ടുപുഴ സി.എസ്. ഭരതനെ തിരഞ്ഞെടുത്തു.




സി പി ഐ എം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്നസന്റ് അനുസ്മരണ സമ്മേളനം നടത്തി. അയ്യങ്കാളി സ്കയറിൽ പ്രൊഫ. സി രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. പ്രൊഫ.കെയു അരുണൻ അനുസ്മരണ പ്രഭാഷണം നടത്തി. ഡോ. കെ പി ജോർജ് സ്വാഗതവും ജയൻ അരിമ്പ്ര നന്ദിയും പറഞ്ഞു.


ചേർത്തുപിടിക്കാം വയനാടിനെ

കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പുനരധിവാസത്തിന്റെ കേരള മാതൃക

# വയനാട് മാതൃകാ ടൗൺഷിപ്പ് ശിലാസ്ഥാപനം

27 മാർച്ച് 2025 | 4:00 PM • എൽസ്റ്റൺ എസ്റ്റേറ്റ്, കൽപ്പറ്റ



ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

സുഭദ്രമായ സാമൂഹിക ജീവിതത്തിന് സഹായകരമാകുന്ന രൂപകൽപന

പരിസ്ഥിതി സുസ്ഥിരത ഉറപ്പുവരുത്തുന്ന സൗരോർജ പ്ലാന്റുകൾ, മലിന ജല സംസ്കരണ സംവിധാനം


ഏഴ് സെന്റ് വീതമുള്ള പ്ലോട്ടുകളിലായി 430 വീടുകൾ

വിനോദ മേഖലകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, ഓപ്പൺ ജിം

കമ്മ്യൂണിറ്റി സെന്റർ, മാർക്കറ്റ് ഏരിയ, പ്രാഥമിക ആരോഗ്യകേന്ദ്രം, അങ്കണവാടികൾ





**അധ്യക്ഷൻ** : ശ്രീ. **കെ. രാജൻ,** ബഹു. റവന്യൂ വകുപ്പ് മന്ത്രി, വൈസ് ചെയർമാൻ, കെ.എസ്.ഡി.എം.എ • **വിശിഷ്ടാതിഥികൾ** : ശ്രീ. **ഒ. ആർ. കേളു,** ബഹു. പട്ടികജാതി - പട്ടികവർഗ വികസന വകുപ്പ് മന്ത്രി
ശ്രീ. **റോഷി അഗസ്റ്റിൻ,** ബഹു. ജലവിഭവ വകുപ്പ് മന്ത്രി | ശ്രീ. **കെ. കൃഷ്ണൻകുട്ടി,** ബഹു. വൈദ്യുതി വകുപ്പ് മന്ത്രി | ശ്രീ. **എ. കെ. ശശീന്ദ്രൻ,** ബഹു. വനം - വന്യജീവി വകുപ്പ് മന്ത്രി
ശ്രീ. **രാമചന്ദ്രൻ കടന്നപ്പള്ളി,** ബഹു. രജിസ്ട്രേഷൻ, പുരാവസ്തു - പുരാരേഖ വകുപ്പ് മന്ത്രി | ശ്രീ. **കെ. ബി. ഗണേഷ്കുമാർ,** ബഹു. ഗതാഗത വകുപ്പ് മന്ത്രി
ശ്രീ. **പി. എ. മുഹമ്മദ് റിയാസ്,** ബഹു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി | ശ്രീ. **വി. ഡി. സതീശൻ,** ബഹു. പ്രതിപക്ഷ നേതാവ് | ശ്രീ. **ടി. സിദ്ദിഖ്,** ബഹു. എം.എൽ.എ, കൽപ്പറ്റ
ശ്രീമതി. **പ്രിയങ്ക ഗാന്ധി,** ബഹു. എം.പി, വയനാട് | ശ്രീ. **പി. കെ. കുഞ്ഞാലിക്കുട്ടി,** ബഹു. പ്രതിപക്ഷ ഉപനേതാവ്